# പ്രതികരണങ്ങൾ — 27



# പ്രതികരണങ്ങൾ — 27

**വായനക്കാർ**

(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Blue Morpho Butterfly, a painting by Martin Johnson Heade (1819–1904). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## മനോജ് വീട്ടിക്കാട്: ജോസഫ്

**പൗർണമി വിനോദ്:** വ്യത്യസ്തനാണ് ജോസഫ്.

ആലവട്ടവും വെഞ്ചാമരങ്ങളും മുത്തുക്കുടയുമായി ആഴത്തോറും ആനകാലികങ്ങൾ ചെറുകഥകളുടെ ആറാട്ടു നടത്തുന്നു. ചെറുകഥകൾക്ക് ചെറിയൊരു ഇതിവൃത്തമേ വേണ്ടൂ എന്നുള്ളതുകൊണ്ട് ആഴമില്ലാത്ത വെള്ളത്തിൽ മുക്കി അവ വായനക്കാരെ കൊല്ലാൻ തുടങ്ങിയിട്ട് നാളുകൾ അനവധിയായി. അതിനിടയിലാണ് സായാഹ്നയിൽ പ്രസിദ്ധീകരിച്ച മനോജ് വീട്ടിക്കാടിന്റെ ജോസഫ് വായിക്കുന്നത്.

മറിയയും ജോസഫും ബൈബിൾ കഥയിലൂടെ ജീവിതത്തിന്റെ സമസ്ത ദുരിതങ്ങളും അനുഭവിച്ചവർ. പക്ഷേ, ഈ മറിയ വിശ്വാസങ്ങളുടെ വേദപുസ്തകം അടച്ച് വച്ച് അപ്പനെ തെരയുമ്പോൾ മുതൽ കഥ തുടങ്ങുകയാണ്.

കഥാപാത്രങ്ങളുടെ സൂക്ഷ്മമായ തെരഞ്ഞെടുപ്പിൽ, അതിന്റെ ആഖ്യാനത്തിൽ, ഒഴുക്കിൽ വെറുതെ വായിച്ചു പോവാൻ, ജോസഫങ്ങനെ സമ്മതിക്കില്ല.

ലോനച്ചായന്റെ വണ്ടിയുടെ ചായ്‌വിൽ വരെ നിഗൂഢമായതെന്തൊ ഒളിപ്പിക്കുമ്പോൾ, നാമറിയാതെ ജോസഫ് നമ്മളെ അതിവിദഗ്ദമായി, ആ താലൂക്ക് മോർച്ചറിയിലേക്ക് കൂട്ടികൊണ്ടു പോകുന്നു. ഇന്നെത്രണ്ണം? ലോനയെ പോലെ നമ്മളും ചോദിക്കുന്നു.

ജീവിതത്തെ പാതി വഴിയിൽ ഊരിവച്ചു പിൻവാങ്ങുന്ന പെണ്ണുടലുകൾ, മനസിനെ സംഘർഷത്തിലാക്കുന്നു. ആ രാത്രി രുചികരമായ ഭക്ഷണം വച്ചുണ്ടാക്കി കഴിച്ച്, അവൾക്കൊരു ചുംബനവും നൽകി അയാൾ എങ്ങോട്ടാണ് പോയതു?

ഇങ്ങനെയൊക്കെ തന്നെ സ്വയം ചോദിച്ചും ഉത്തരം തേടിയും സൂചനകളിൽ നിന്ന് വായനക്കാരൻ ജോസഫിനെ കൂട്ടിച്ചേർക്കുന്നു. യഥാർത്ഥത്തിൽ ജോസഫ് എന്ന നാമം തന്നെ വർദ്ധിപ്പിക്കുന്നവൻ, കൂട്ടിച്ചേർക്കപ്പെടുന്നവൻ എന്നാണല്ലോ. മറിയയോട് ജോസഫ് ചോദിക്കുന്ന ചോദ്യമുണ്ട്! ഇത്രയും ഭാരമുള്ള നിന്നെ എങ്ങനെയാണ് ഞാൻ മോർച്ചറിയിലെ ടേബിളിലേക്ക് എടുത്തു കിടത്തുക, എന്ന്.

അതേ, പെണ്ണ് വെറും ഉടൽ മാത്രമല്ല എന്ന് ജോസഫ് കൂട്ടി ചേർക്കുന്നിടത്ത് മറിയ സ്വയം തിരിച്ചറിയുന്നതോടെ സംഘർഷങ്ങളുടെ ഒരാകാശം പെയ്തിറങ്ങാൻ വേണ്ടുവോളം, കാർമേഘങ്ങൾ ജോസഫ് വായനക്കാർക്ക് തരുന്നു എന്നതാണ് മുഖ്യധാര മാധ്യമങ്ങൾ വിളമ്പുന്ന പതിവു കഥകളിൽ നിന്ന് ജോസഫിനെ വ്യത്യസ്തനാക്കുന്നത്.

കഥാകൃത്തിന് ആശംസകൾ, അഭിവാദ്യങ്ങൾ!

**ടി. ആർ. വേണുഗോപാലൻ:** അതെ തികച്ചും വ്യത്യസ്തമായ അനുഭവമാണ് ജോസഫ്. കഥാകൃത്തിന് പൂച്ചെണ്ടുകൾ.

## ടി. ആർ. വേണുഗോപാലൻ: പുതുകവിതകളിലെ ആദിവാസി സാന്നിദ്ധ്യം

**കെ. വിനോദ് ചന്ദ്രൻ:** ടി. ആർ. വേണുഗോപാലിന്റെ 'പുതുകവിതകളിലെ ആദിവാസി സാന്നിദ്ധ്യം' എന്ന ലേഖനം ശ്രദ്ധേയമായി. ചരിത്രത്തിന്റെ പൊതുധാരയിൽ നിന്ന് ബഹിഷ്കൃതരാക്കപ്പെട്ട ആദിവാസികളെ, സമകാലീന കാവ്യഭൂപടത്തിൽ ഒരിക്കലും പ്രത്യക്ഷമാവാത്ത ആദിവാസിഭാവുകത്വത്തെ, നമ്മുടെ ശ്രദ്ധയിലേക്ക്, ചിന്തയിലേക്ക്, കൊണ്ടു വരുകയാണ് വേണു ഗോപാലൻ ഇവിടെ. ഇരുള ഭാഷയിൽ, മലവേട്ടുവ ഭാഷയിൽ, പണിയ ഭാഷയിൽ, മാവലിൻ തുളു ഭാഷയിൽ രചിക്കപ്പെട്ട ഈ പുതുകവിതകളിൽ നാമിതേവരെ കാണാത്ത ഒരു പുത്തൻ ഭാവുകത്വത്തിന്റെ ചോരത്തുടിപ്പുകൾ വേണുഗോപാലൻ പിടിച്ചെടുക്കുന്നു. നവകർതൃത്വത്തിന്റെ നിർമ്മിതിയ്ക്കായുള്ള പിടച്ചിലുകൾ, ഈ കവിതകളിൽ നമുക്ക് കാണാം. തങ്ങൾ നിർമ്മിക്കുന്ന മാന്ത്രികക്കെണിയിൽ, എലിയും കോഴിയും മാത്രമല്ല, അത് മെനഞ്ഞവനും കുടുങ്ങുന്നു എന്ന തിരിച്ചറിവ് (കത്താരി), ഒറ്റവേരിലും മുളയ്ക്കാൻ പൂക്കാൻ കായ്ക്കാൻ കഴിവുള്ളവരാണ് തങ്ങളെന്ന ഊറ്റം, സ്വപ്നങ്ങൾ നെയ്തിട്ട മുട്ടകൾക്ക് അടയിരിക്കുന്ന കിളികളാണ് തങ്ങളെന്ന ശുഭബോധം, രോഷത്തിന്റെയും പ്രതിരോധത്തിന്റെയും വായ്ത്താരികൾ, ഡിജിറ്റൽ ലോകവുമായുള്ള അരണ്ട വേഴ്ചകൾ, ഇതെല്ലാം തന്നെ പ്രജ്ഞാപരവും സർഗ്ഗാത്മകവുമായ ഉണർവ്വിന്റെ സാക്ഷ്യങ്ങളായി ലേഖകൻ സമാഹരിക്കുന്നു. ആദിവാസി പ്രതിഭകളുടെ ഈ തിരനോട്ടത്തിൽ മലയാള കവിതയ്ക്കിനിയും അപരിചിതമായ മലമ്പൊരുളുകളുടെ, ഇനിയും മെരുങ്ങാത്ത കാട്ടുവഴികളുടെ മൊഴികളുടെ മിന്നലാട്ടം നാം കാണുന്നു. നവകവികൾക്കും അവരെ പരിചയപ്പെടുത്തിത്തന്ന ടി. ആർ. വേണുഗോപാലിനും സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ.

**പി. കെ. ശ്രീകുമാർ:** ശ്രീ ടി ആർ വേണുഗോപാലിന്റെ പുതുകവിതകളിലെ ആദിവാസി സാന്നിധ്യം കാവ്യവിമർശനത്തിനു ഒരു പുത്തൻ സരണി തുറന്നിരിക്കുന്നു. കവിതകളെ സമഗ്രമായി വിലയിരുത്തിയിരിക്കുന്നു. സാഹിത്യവിമർശനത്തിൽ ചരിത്രത്തിന്റെ ക്രിയാത്മക ഇടപെടൽ സാരവത്തും അർത്ഥഗൗരവമാർന്നതും എങ്ങിനെയെന്നു ഇത് വെളിവാക്കുന്നുണ്ട്. സായാഹ്നയുടെ ശില്പികൾ ഒരുക്കിയ ചിത്രങ്ങൾ ഏറെ ഔചിത്യപൂർണമായി എന്ന് പറയാതെ വയ്യ. (ഡോ. പി. കെ. ശ്രീകുമാർ പലക്കാട് വിക്ടോറിയ കോളേജിൽ ചരിത്രവകുപ്പ് അദ്ധ്യക്ഷനായി വിരമിച്ച ആളും ഗവേഷകനുമാണ്.)

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ഉള്ളൂർ എസ് പരമേശ്വര അയ്യരുടെ കേരളസാഹിത്യചരിത്രത്തിന്റെ പണി തീർന്ന മൂന്നു ഭാഗങ്ങളുടെ വെബ്, ഫോൺ പിഡിഎഫുകൾ, എച് റ്റി എം എൽ പതിപ്പ് എന്നിവ ചുവടെ ചേർത്തിട്ടുള്ള കണ്ണികളിൽ ലഭ്യമാണ്:

http://ax.sayahna.org/collection.html (web / phone PDFs)

http://ax.sayahna.org/ulloor/index.html (html version)

ഒട്ടാകെ 41 അദ്ധ്യായങ്ങളുടെ പണി ഇപ്പോൾ പൂർത്തിയായി. ഈ താളുകൾ സന്ദർശിക്കുന്നവർ, എച് റ്റി എം എൽ പതിപ്പിനെക്കുറിച്ചുള്ള പ്രതികരണം അറിയിക്കുമെങ്കിൽ വലിയ സഹായമായിരിക്കും. ഫോണിലും വായിക്കാവുന്ന രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. രചനയുടെ ഏറ്റവും പുതിയ പതിപ്പാണ് ഈ എച് റ്റി എം എൽ പുറങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. അത് അങ്ങിനെതന്നെ കാണാൻ കഴിയുന്നുണ്ടോ എന്നും അറിയിക്കുക.

(നവംബർ 22 മുതൽ 28 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.